# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2141

07-07-2015-ൽ മറുപടിക്ക്

## കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ

**ചോദ്യം**

ശ്രീ. ബാബു എം.പാലിശ്ശേരി

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

(എ) കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എ) ഉണ്ട്. എറണാകുളം, മലപ്പുറം ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ കിടക്കുന്ന 32 കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പുകൾ കുഴിച്ചിടുന്നതിനായി 11/06/2015 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പൈപ്പിടൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ, ജില്ലാ കളക്ടർ, ഒറ്റപ്പാലം സബ്കളക്ടർ, ആർ.ഡി.ഒ., പൈപ്പ് ലൈൻ കടന്നുപോകുന്ന വില്ലേജിലെ വില്ലേജ് ഓഫീസർമാർ എന്നിവരടങ്ങുന്ന ഒരു ടീം രൂപവത്ക്കരിച്ചിട്ടുണ്ട്.

(ബി) ജനവാസ കേന്ദ്രങ്ങളിലൂടെ ഗെയിലിന്റെ വാതക പൈപ്പ് ലൈൻ കടന്നു പോകുന്നു എന്ന കാരണത്താൽ നിരവധി മേഖലയിൽ ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് ഗെയിൽ പരിശ്രമിക്കുന്നത്. എന്നിരുന്നാലും ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക എന്നത് പ്രായോഗികമല്ല. ഇതിനെ തുടർന്ന് ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(സി) ജനങ്ങളെ വിശ്വാസത്തിലെടുത്ത്, മതിയായ നഷ്ട പരിഹാരം നൽകി പരാതികളില്ലാത്തവിധം പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

(സി) ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയാക്കുകയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ ഗെയിലിന് നൽകേണ്ടതുള്ളൂ. ഇതിനായി ഭൂമിയുടെ വിപണി വിലയുടെ 50% വരെ നഷ്ടപരിഹാരമായി നൽകുവാൻ ഗെയിൽ

സന്നദ്ധത അറിയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഭൂമിയുടെ വിലയുടെ 10% മാത്രമാണ് ഗെയിൽ നഷ്ടപരിഹാരമായി നൽകുന്നത്. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള ആശങ്കയാണ് ജനങ്ങളുടെ എതിർപ്പിന് ആധാരമായിട്ടുള്ളത്.

പദ്ധതിയുടെ സുരക്ഷതത്വത്തെപ്പറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെപ്പറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO കൾ, ഇതര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. ഇതിനു പുറമേ ഗെയിലിന്റെ ഭാഗത്ത് നിന്ന് വില്ലേജുകൾ തോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ